# അക്കാദമിക മാസ്റ്റർ

# പ്ലാൻ 2025-26

സെന്റ് മേരീസ് എൽ. പി. സ്കൂൾ

ചങ്ങനാശ്ശേരി

# CONTENTS


ആമുഖം

നേട്ടങ്ങൾ

പൊതുലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

പ്രതീക്ഷിത നേട്ടങ്ങൾ

ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം.

ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ മെത്രാപ്പോലീത്തൻ പള്ളിയുടെ മാനേജ്മെന്റിൽ ഈ സ്കൂൾ പ്രവർത്തിക്കുന്നു. 1888 ഒക്ടോബർ 15 ന് നസ്രാണി ദീപിക പത്രത്തിൽ പള്ളിവക സ്കൂൾ സ്ഥാപിച്ചതായി രേഖകളുണ്ട്. ഫാ: ഡൊമിനിക് തോട്ടാശ്ശേരിയാണ് ഈ സ്കൂളിന്റെ പ്രഥമാധ്യാപകൻ. അദ്ദേഹം ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ അന്നത്തെ ചെയർമാനായിരുന്നു.

1915 സെപ്റ്റംബർ 26 ന് ഔദ്യോഗികമായി ഈ സ്കൂൾ നിലവിൽ വന്നു. അന്ന് അഞ്ഞൂറോളം കുട്ടികൾ ഈ സ്കൂളിൽ വിദ്യ അഭ്യസിച്ചിരുന്നു. ചങ്ങനാശ്ശേരിയുടെ പ്രാന്തപ്രദേശങ്ങളായ വാഴപ്പള്ളി പടിഞ്ഞാറ്, മഞ്ചാടിക്കര പറാൽ, പുഴവാത്, വെട്ടിത്തുരുത്ത് എന്നിവിടങ്ങളിൽ നിന്നും കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. കാലക്രമേണ സ്കൂളിൽ നിന്നും അധികം അകലെയല്ലാതെ അഞ്ചു സ്കൂളുകൾ സ്ഥാപിതമായി. അതോടുകൂടി കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിത്തുടങ്ങി.

ഇംഗ്ലീഷ് ഭാഷയോടുള്ള അമിതമായ ആകർഷണം ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, വാഹനസൗകര്യത്തിന്റെ കുറവ് എന്നിവ കുട്ടികളെ മറ്റ്

സ്കൂളുകളിലേക്ക് ആകർഷിക്കാൻ കാരണമായി. പരിപാവനമായ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയുടെ സാമീപ്യത്താൽ അനുഗ്രഹിക്കപ്പെട്ട സെന്റ്: മേരീസ് എൽ. പി. സ്കൂൾ 100-ാം വാർഷികം 2015 ൽ സമുചിതമായി ആഘോഷിച്ചു കഴിഞ്ഞു. അതിപ്രശസ്തമായ നിലയിൽ അനേകായിരങ്ങൾക്ക് വിജ്ഞാനത്തിന്റെ കൈത്തിരി കത്തിച്ചുകൊണ്ട് സേവനത്തിന്റെ പാതയിൽ ഈ സ്കൂൾ ഇന്നും പോകുന്നു.

ഇപ്പോൾ നേഴ്സറി മുതൽ അഞ്ചു-വരെ ക്ലാസ്സുകളിൽ കുട്ടികൾ അധ്യയനം നടത്തുന്നു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ പത്ത് അധ്യാപകർ കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു.

നിയമസഭാ സാമാജികൻ ശ്രീ. സി.എഫ് തോമസ്, മുഖ്യ വിവരാവകാശ കമ്മീഷണർ ശ്രീ: സിബി മാത്യൂസ് ഐ. പി. എസ്, എസ്. ബി കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ: സ്റ്റീഫൻ മാത്യൂസ്, സഭാതാരം പ്രൊഫ: കെ. ടി സെബാസ്റ്റ്യൻ എന്നീ പ്രശസ്ത വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ സംഭാവനകളാണ് എന്നതിൽ അതിയായ സന്തോഷമുണ്ട്.

എൽ. എസ്. എസ് കലാകായികമത്സരങ്ങൾ പി. ആർ. സി തല മത്സരങ്ങൾ എന്നിവയിലെല്ലാം ഈ സ്കൂളിലെ കുട്ടികൾ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കുന്നു.

നേട്ടങ്ങൾ

- 2025 - 26 ൽ കുട്ടികളുടെ എണ്ണം 34 ആയി ഉയർത്താൻ കഴിഞ്ഞു.
- സ്കൂളിന്റെ ഭൗതിക സംവിധാനങ്ങളിൽ വന്ന മാറ്റം- സ്മാർട്ട് ക്ലാസ്, ടൈൽ ഫ്ളോർ പുതിയ കഞ്ഞിപ്പുര, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി, കുട്ടികളുടെ പാർക്ക്
- സ്വന്തമായുള്ള സ്കൂൾ വാൻ
- ജൈവ - പച്ചക്കറിത്തോട്ടം.
- മനോഹരമായ പൂന്തോട്ടം
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
- കലാ - ശാസ്ത്ര - ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലെ ഉന്നത വിജയം.

പൊതുലക്ഷ്യങ്ങൾ.

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ പ്രീ-പ്രൈമറി (അതിനുവേണ്ട ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ ഒരുക്കും.
- എല്ലാ ക്ലാസിലും അക്ഷരവ്യക്തതയും ചിഹ്നങ്ങളും ഉറപ്പിക്കും. വായന സംസ്കാരം പ്രോത്സാഹിപ്പിക്കും.
- അതാതു ക്ലാസുകളിൽ വിഷയാടിസ്ഥാനത്തിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കും.
- സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കും.

- ☐ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകും.
- ☐ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കും.
- ☐ ക്ലാസ് നിലവാരം പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ കുട്ടികൾക്ക് നല്കും.
- ☐ സഭാകമ്പം ഒഴിവാക്കാനായി കുട്ടികൾക്ക് വേണ്ട പരിശീലനങ്ങൾ നൽകുന്നു.
- ☐ എല്ലാ കുട്ടികൾക്കും ആത്മവിശ്വാസം, പ്രതികരണ ശേഷി അറിവിന്റെ കരുത്ത്, വിമർശനാവബോധം വിശകലനശേഷി ഇവ ഉറപ്പാക്കും.
- ☐ വിദ്യാലയത്തിൽ എത്തിച്ചേരാൻ വാഹന സൗകര്യം ഏർപ്പെടുത്തും.
- ☐ പരിസ്ഥിതി സംരക്ഷണ പരിസരപഠനപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് അവബോധം നൽകും.
- ☐ ക്യാമ്പസ് ഒരു പാഠപുസ്തകമെന്ന കാഴ്ചപ്പാടിൽ സ്കൂൾ പരിസരം ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും (ഔഷധ സസ്യത്തോട്ടം, പച്ചക്കറികൃഷി)
- ☐ കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുകൂലമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തും.
- ☐ മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും.
- ☐ ഇംഗ്ലീഷിലുള്ള ഓഡിയോ വീഡിയോ കേൾക്കുന്നതിനും കാണുന്നതിനും അവസരമൊരുക്കുന്നു. ഇംഗ്ലീഷ് പുതിയ പദങ്ങൾ, പദങ്ങളും വാക്യങ്ങളും എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കും.

# അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങളെ മൂന്നായി തരംതിരിക്കാം

* ഹ്രസ്വകാലത്തിനുള്ളിൽ നടപ്പിലാക്കുന്നവ.
* മധ്യമകാലം നടപ്പിലാക്കുന്നവ.
* ദീർഘകാലംകൊണ്ട് നടപ്പിലാക്കുന്നവ.

## ഹ്രസ്വകാലം

* ക്ലാസുകളിൽ പുസ്തകങ്ങൾ ലഭ്യമാക്കി വായനയെ പരിപോഷിപ്പിക്കുന്നു.
* ക്ലാസ് നിലവാരം പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ നൽകുന്നു.
* അസംബ്ലിയിൽ പത്രവായന നടത്തുകയും ക്ലാസ് മുറിയിൽ പത്രങ്ങൾ ലഭ്യമാക്കി കുട്ടികളെക്കൊണ്ട് വായിപ്പിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.
* സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്കില്ലാത്ത അവസ്ഥ സൃഷ്ടിക്കും.
* പ്ലാസ്റ്റിക് വിമുക്ത, കീടനാശിനിവിമുക്ത, ലഹരിവിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കും. ~~ലഹരിവിരുദ്ധ~~ ലഹരിവിരുദ്ധ മനോഭാവം വളർത്തും.
* പൂർവ്വവിദ്യാർത്ഥി സംഘടനകൾ, രക്ഷകർത്തൃ സംഘടനകൾ എന്നിവ കാര്യക്ഷമമാക്കും.
* ഐ. ടി അധിഷ്ഠിത പഠനത്തിന് കൂടുതൽ സാധ്യത സൃഷ്ടിക്കും.

* വിദ്യാലയം, പാഠങ്ങൾ പഠിക്കുന്ന ഇടം മാത്രമല്ല, കുട്ടികളുടെ ജീവിതവളർച്ചയുടെ അവിഭാജ്യഘടകം കൂടിയാണ് ഉന്നത അവബോധം വളർത്തുവാനും പ്രശ്നനിർഭരമായ വേളകളിലെല്ലാം ആത്മവിശ്വാസത്തോടെ അവയെ അഭിമുഖീകരിച്ച് മറികടക്കാൻ കൗൺസിലേഴ്സിന്റെ സേവനം ഉപകരിക്കും.

## നേരിടുന്ന വെല്ലുവിളികൾ.

* വിദ്യാഭ്യാസ രംഗത്തെ രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ
* ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കൽ.
* പുതിയ വെല്ലുവിളി ഏറ്റെടുക്കുവാനും, ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രക്ഷിതാക്കളിൽ സൃഷ്ടിക്കൽ.
* ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവ്വഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കൽ. പുത്തൻ കടമബോധം സ്വാംശീകരിക്കൽ.
* കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

* സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ.

## പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

* 1 മുതൽ 5 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണയും ശേഷിയും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുക. ഒപ്പം മൂല്യബോധം സൃഷ്ടിക്കപ്പെടുക.
* എല്ലാ കുട്ടികൾക്കും പഠനത്തിനും, വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.
* മികച്ച ശാരീരിക, മാനസിക, വൈകാരിക അന്തരീക്ഷം ഉറപ്പാക്കുക.
* വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ഇണങ്ങിയ സംവിധാനങ്ങൾ ഉറപ്പാക്കുക.
* വ്യക്തിഗത മൂല്യനിർണ്ണയം പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി മാറ്റുക.
* ജീവിതഗന്ധിയായ പഠനപ്രവർത്തനങ്ങളിലൂടെയും പഠനത്തിലൂടെയും കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നു.
* മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയത്തിന്റെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.

മേഖല - അക്കാദമികം

ഉപമേഖല- ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | * പഠനനിലവാരം കണ്ടെത്തൽ. പ്രീ-ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | | |
| | * പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ. | | Class Teacher SRG | |
| | * അക്ഷര വ്യക്തത വരുത്തൽ. (പ്രീ-പ്രൈമറി മുതൽ അഞ്ചുവരെ) | ആഴ്ചയിൽ ഒരു ദിവസം | | |
| | Picture reading, ward Card reading, ചിത്രം നല്കി describe ചെയ്യൽ, Conversatio, Add more lines, English Assembly, Dairy writing. Games. | വർഷം മുഴുവൻ | | |
| | എല്ലാ വ്യാഴവും. വിദ്യാലയത്തിൽ ഇംഗ്ലീഷ് ദിനമായി ആചരിക്കുന്നു. അന്നത്തെ അസംബ്ലി ഇംഗ്ലീഷിലാണ്. ഇംഗ്ലീഷ് കഥകൾ / കവിതകൾ ഡോക്യുമെന്ററി, ഷോർട്ട് ഫിലിംസ് എന്നിവ കാണുന്നതിനുള്ള അവസരം ഒരുക്കുന്നു. | മാസത്തിൽ 4 ദിവസം | Class Teacher SRG | |

| ലക്ഷ്യം | (2) പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഇംഗ്ലീഷ് വാർത്ത കേൾപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | class Teacher SRG | |
| കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റി സാങ്കേതിക വിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികാസത്തിന് പ്രയോജനപ്പെടുക. | * കുട്ടികൾക്ക് പാഠവുമായി ഇംഗ്ലീഷിലുള്ള ഓഡിയോ വീഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനും അവസരം ഒരുക്കുക. | " | Class Teacher | |
| ഒരു ദിവസം തന്നെ വ്യത്യസ്തമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട വായന മെറ്റീരിയലുകൾ തയ്യാറാക്കുക. (ഉദാ: പാഠപുസ്തകത്തിലെ കഥാപൂരണം, കവിതാ പൂരണം) | | | |

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക | * അക്ഷരകാർഡ്, പദകാർഡ് ഇവയുടെ നിർമ്മാണം ഉപയോഗം. | വർഷം മുഴുവൻ | Class Teacher SRG | |
| കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ. | * ബാലമാസികകൾ, പുസ്തകങ്ങൾ എന്നിവയുടെ സ്വതന്ത്ര വായനക്ക് സഹായകമായ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നു. ക്ലാസുകളിൽ വായനമൂല/ ലൈബ്രറി രൂപീകരിക്കുന്നു. | " | " | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരം ഒരുക്കി രചനകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കൽ. | * വായനവിശേഷങ്ങൾ, അറിവുകൾ സമൂഹവുമായി പങ്കുവയ്ക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. മികച്ച സൃഷ്ടികൾക്കു സമ്മാനം. (കഥ, കവിത, പോസ്റ്റർ കത്ത്, മാഗസിൻ, നിവേദനങ്ങൾ ) | | | |
| കുട്ടികളുടെ നിലവാരം പരിഗണിച്ചു കൊണ്ടുള്ള വായനസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും. | * ക്ലാസ് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, വായനകാർഡുകൾ തയ്യാറാക്കൽ. ബാലസാഹിത്യ മാസികകൾ പത്രങ്ങൾ എന്നിവ എത്തിക്കൽ കുട്ടികളുടെ രചനകൾ പൊതുവായ പ്രദർശിപ്പിക്കൽ. രചന മാസികകളാക്കൽ | വർഷം മുഴുവൻ പാഠഭാഗത്തിനനുസരിച്ച് | class Teacher SRG | |

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിനുള്ള കഴിവ് വളർത്തുക. | ☐ പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടത്തുക. | ഹ്രസ്വ കാലം | Class Teacher | |
| ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടികളെ വളർത്തുക. | ☐ നിത്യജീവിതവുമായി ഗണിത പ്രശ്നങ്ങളെ ബന്ധിപ്പിക്കൽ, ഗണിത പഠനത്തിനനുയോജ്യമായ പഠനാന്തരീക്ഷം ക്ലാസിൽ ഒരുക്കൽ, (ഗണിത ചാർട്ട്, ഗണിത കേളികൾ തുടങ്ങിയവ) | മധ്യ കാലം | Class Teacher | |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതോപാധി ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക. | ☐ വ്യത്യസ്ത അളവുകൾ, ഭാരം നീളം, ഉള്ളളവ്, ഏകകങ്ങൾ, പരിചയപ്പെടുത്തൽ, ചിന്താപാഠങ്ങൾ. ടാൻഗ്രാം കളിയിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കൽ | മധ്യ കാലം | Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക. | □ പഠനോപകരണ നിർമ്മാണം വിവരശേഖരത്തിനാവശ്യമായ ഗണിതപഠനവുമായി ബന്ധിപ്പിക്കൽ | ദീർഘ കാലം | class Teacher SRG | |

## ഉപമേഖല- പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉണ്ടാക്കൽ. | ☐ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിലെ പഠനത്തിന് സഹായകമായ, ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട ശേഖരണ വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ മുതൽ ഹ്രസ്വകാലം | Class Teacher SRG | |
| | ☐ തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ/ നിർമ്മിക്കേണ്ടവ / ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്നിവ തരംതിരിക്കൽ. | ജൂൺ 30ന് മുമ്പ് ഹ്രസ്വകാലം | | |
| | ☐ സാമഗ്രി വാങ്ങൽ | ജൂലൈ | H-M Class Teacher | |
| പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | ☐ പച്ചക്കറി തോട്ട നിർമ്മാണം പച്ചക്കറിത്തൈ ഉല്പാദനം, ഔഷധത്തോട്ട നിർമ്മാണം കൃഷിസ്ഥലങ്ങൾ സന്ദർശിക്കൽ | ഓഗസ്റ്റ് മുഴുവൻ | Nature club | |
| സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക | ☐ അദ്ധ്യയനദിവസങ്ങളിൽ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു, കുറിപ്പുകൾ തയ്യാറാക്കുന്നു. | ദീർഘകാലം | Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ദിനാചരണങ്ങൾ പ്രവർത്തധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കുക. | ദിനാചരണങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നു. | ദീർഘ കാലം | class Teacher | |
| | ശാസ്ത്രാഭിരുചി വളർത്തുക ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | ദീർഘ കാലം | HM class Teacher | |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പരിപാടികൾ വിജയിപ്പിക്കുന്നതിനുള്ള ക്ലാസ് റൂം സാധ്യതകൾ കണ്ടെത്തി ഓരോ കുട്ടിയുടെയും പഠനപുരോഗതി ഇടപെടലുകൾ നടത്തി പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്ത് വിജയിപ്പിക്കാം.